# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ്: 17.08.2016

## കേരള സാഹിത്യ അക്കാദമി സെക്രട്ടറിയായി ഡോ.കെ.പി.മോഹനൻ ചുമതലയേറ്റു

സാംസ്കാരികമേഖല ഏറെ അവഗണിക്കപ്പെടുന്ന ഒരിടമാണെന്നും, കേരളത്തിന്റെ സവിശേഷ സാമൂഹ്യ സാഹചര്യത്തിൽ സാംസ്കാരികമേഖലയിലെ ചലനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്നും ഡോ.കെ.പി.മോഹനൻ പറഞ്ഞു. അക്കാദമി ഓഫീസിലെത്തി ചുമതല ഏറ്റെടുത്ത വേളയിൽ നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എഴുത്തുകാരും സാംസ്കാരികപ്രവർത്തകരും ഒരുമിച്ചുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന കർമ്മപരിപാടികൾ അക്കാദമി ആവിഷ്ക്കരിക്കും. മുഴുവൻ മലയാളികളുടെയും അഭിമാനത്തിന്റെ അടയാളമായി അക്കാദമിയെ ഉയർത്തുന്നതിന് സാഹിത്യരംഗവുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം തേടും. കേരള സർക്കാരിന്റെ കീഴിലുള്ള സാംസ്കാരികസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാകുന്നത് വിവിധ സാംസ്കാരികമേഖലകളിൽ നവോന്മേഷം പകരുമെന്ന് കെ.പി.മോഹനൻ പറഞ്ഞു.

അക്കാദമി പ്രസിഡണ്ട് വൈശാഖൻ അധ്യക്ഷത വഹിച്ചു. സ്ഥാനമൊഴിയുന്ന സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സന്നിഹിതനായിരുന്നു. കേരള ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ, ഡോ.സി.രാവുണ്ണി, ഡോ.എൻ.ആർ.ഗ്രാമപ്രകാശ്, സിസ്റ്റർ ജെസ്മി, ഡോ.പ്രഭാകരൻ പഴശ്ശി, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ.കെ.വി.രാമകൃഷ്ണൻ, ഡോ.എം.എൻ.വിനയകുമാർ, ഇ.മാധവൻ, ഇ.ഹരികുമാർ, പി.എസ്.ഇക്ബാൽ, എം.കെ. ബാലകൃഷ്ണൻ എന്നിവർ ചുമതലയേറ്റ സെക്രട്ടറിക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

കെ.പി.ശങ്കരൻ, കടാങ്കോട് പ്രഭാകരൻ, കരിമ്പുഴ രാമചന്ദ്രൻ, എൻ.മൂസക്കുട്ടി, എൻ.രാജൻ, ആശ, അഭിമന്യു, കെ.പി.രമണൻ, കെ.പി.മദനൻ, കെ.പി.ചിത്രഭാനു, എ.കൃഷ്ണകുമാരി തുടങ്ങിയവരും അക്കാദമി ജീവനക്കാരും പങ്കെടുത്തു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി